**1. ചിങ്കൻ കുരങ്ങൻ ക്ഷണക്കത്ത് തയാറാക്കാനായി കരടിക്കുട്ടന് നൽകിയ വിവരങ്ങളാണ് താഴെ. വായിക്കൂ.**



| | |
|---|---|
| തീയതി, ദിവസം : | ഒക്ടോബർ 10 ഞായർ |
| സ്ഥലം : | പഞ്ചവൻകാട്ടിലെ ആലിൻ മുകളിൽ |
| വീടിന്റെ പേര് : | ചിങ്കൂസ് ഹൗസ് |
| ഏതാവശ്യത്തിന് : | ഗൃഹപ്രവേശം |
| ക്ഷണിക്കുന്ന ആൾ : | ചിങ്കൻ കുരങ്ങൻ |

**ചിങ്കൻ കുരങ്ങനുവേണ്ടി പഞ്ചവർണതത്തയും കരടിക്കുട്ടനും കൂടി തയാറാക്കിയ ക്ഷണക്കത്ത് വായിക്കാം.**

സുഹൃത്തുക്കളേ,

ഞാൻ ചിങ്കൻ. ഞാൻ പുതിയ വീട് വച്ചിട്ടുണ്ട്. പഞ്ചവൻകാട്ടിലെ ആലിന്റെ മുകളിലാണ് വീട്. "ചിങ്കൂസ് ഹൗസ് " എന്നാണ് വീടിന്റെ പേര്. വീടിന്റെ ഗൃഹപ്രവേശം 2021 ഒക്ടോബർ 10 ന് രാവിലെ 11 മണിക്കാണ്. ഗൃഹപ്രവേശ ചടങ്ങിലേക്ക് താങ്കളെ കുടുംബസമേതം ക്ഷണിക്കുന്നു.

സ്നേഹത്തോടെ
ചിങ്കൻ
പഞ്ചവൻകാട്





**2. ഇതു പോലെ നിങ്ങൾ നിർമ്മിച്ച വീടിന്റെ ഗൃഹപ്രവേശത്തിന് കൂട്ടുകാരെ ക്ഷണിക്കാനായി ഒരു ക്ഷണക്കത്ത് തയാറാക്കൂ ..**

## ക്ഷണക്കത്ത് തയാറാക്കാൻ ആവശ്യമുള്ള വിവരങ്ങൾ എഴുതാം



തീയതി, ദിവസം : ..............................................................

സ്ഥലം : ..............................................................

വീടിന്റെ പേര് : ..............................................................

ഏതാവശ്യത്തിന് : ..............................................................

ക്ഷണിക്കുന്ന ആൾ : ..............................................................

## മുകളിൽ എഴുതിയ വിവരങ്ങൾ പ്രകാരം ക്ഷണക്കത്ത് തയാറാക്കാം

ക്ഷണക്കത്ത്

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## 3. കടങ്കഥകൾക്ക് ഉത്തരം കണ്ടെത്താം, എഴുതാം



1. കിക്കിലുക്കും കിലുകിലുക്കും
   ഉത്തരത്തിൽ ചത്തിരിക്കും.

2. ഞെട്ടില്ലാവട്ടയില.

3. കാളകിടക്കും കയറോടും.

4. ഇട്ടാൽപൊട്ടാത്ത ഇംഗ്ലീഷ് മുട്ട.

5. ആനകേറാമല ആളുകേറാമല
   ആയിരം കാന്താരി പൂത്തിറങ്ങി.

6. ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം.

7. അകത്തറുത്താൽ പുറത്തറിയും.


8. പെട്ടിപോലുള്ളമ്മയ്ക്ക്
   കോലുപോലുള്ള മക്കൾ

9. പുറം പൊന്തം പൊന്തം
   അകം പഞ്ഞിക്കെട്ട്
   അതിനുള്ളിൽ പാറക്കെട്ട്
   അതിനുള്ളിൽ വെള്ളക്കെട്ട്.



◆ താഴെ കാണുന്നവ ഉത്തരമായി വരുന്ന കടങ്കഥകൾ സ്വന്തമായി ഉണ്ടാക്കി നോക്കൂ. എഴുതൂ.





- ..........................................................................................
- ..........................................................................................
- ..........................................................................................